श्रीशङ्कराचार्यसंस्कृतसर्वकलाशाला,कालटी
**ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല, കാലടി**

**അക്കാദമിക് സി വിഭാഗം**

01312 / ACDC2 / SSUS / 2026 (4) തീയതി,കാലടി,01-06-2026

# വിജ്ഞാപനം

വിഷയം:- 2026 -2027 അധ്യയന വർഷത്തെ ബി എഫ് എ /ഡിപ്ലോമ പ്രോഗ്രാമുകളിലേക്കുള്ള പ്രവേശനം-സംബന്ധിച്ച്:-

ശ്രീ ശങ്കരാചാര്യ സംസ്കൃത സർവകലാശാലയുടെ കാലടി മുഖ്യ കേന്ദ്രത്തിലും വിവിധ പ്രാദേശിക കേന്ദ്രങ്ങളിലും 2026 -2027 അധ്യയന വർഷം ബി എഫ് എ /ഡിപ്ലോമ പ്രോഗ്രാമുകളിലേക്ക് യോഗ്യരായ വിദ്യാർഥികളിൽ നിന്നും അപേക്ഷ ക്ഷണിക്കുന്നു .

മുഖ്യ കേന്ദ്രമായ കാലടിയിൽ പെയിന്റിംഗ്, മ്യൂറൽ പെയിന്റിംഗ്, സ്കൾപ്ച്ചർ എന്നി സ്പെഷ്യലൈസേഷനുകൾ ആണ് നാല് വർഷത്തെ ബി എഫ് എ പ്രോഗ്രാമായി നടത്തപ്പെടുന്നത് . ബി എഫ് എ ബിരുദ പ്രോഗ്രാം ചോയ്സ് ബേസ്ഡ് ക്രെഡിറ്റ് ആൻഡ് സെമസ്റ്റർ സമ്പ്രദായത്തിൽ ആയിരിക്കും നടത്തപ്പെടുക . ബി എഫ് എ പ്രോഗ്രാമുകൾക്ക് അഭിരുചി നിർണയ പരീക്ഷയുടെ കൂടി അടിസ്ഥാനത്തിലായിരിക്കും പ്രവേശനം നൽകുന്നത് . ബി എഫ് എ പ്രോഗ്രാമുകൾക്കുള്ള പരമാവധി പ്രായം 01.06.2026-ന 22 വയസ്സും , SC /ST വിഭാഗത്തിന് 24 വയസ്സും ആണ് . ബി . എഫ് . എ പ്രോഗ്രാമുകൾക്ക് 60/- രൂപ, പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർഥികൾക്ക് 30 രൂപ എന്നിങ്ങനെയാണ് അപേക്ഷ ഫീസ് .

ഏറ്റുമാനൂർ പ്രാദേശിക കേന്ദ്രത്തിൽ 2026 -2027 അധ്യയന വർഷത്തിൽ നടത്തുന്ന ഒരു വർഷത്തെ ഡിപ്ലോമ പ്രോഗ്രാമായ ആയുർവേദ പഞ്ചകർമ & അന്താരാഷ്ട്ര സ്പാ തെറാപ്പി പ്രോഗ്രാമിലേക്കും വിദ്യാർഥികളിൽ നിന്നും അപേക്ഷ ക്ഷണിക്കുന്നു . ശാരീരിക ക്ഷമത, ഇന്റർവ്യൂ എന്നിവയുടെ അടിസ്ഥാനത്തിൽ ആണ് ഡിപ്ലോമ പ്രോഗ്രാമിലേക്കുള്ള പ്രവേശനം അനുവദിക്കുന്നത് . ഡിപ്ലോമ പ്രോഗ്രാമുകളിലേക്കുള്ള സീറ്റുകളുടെ എണ്ണം 20 ആണ്. പ്രായം വിജ്ഞാപന തീയതിക്ക് അനുസൃതമായി 17 നും 35 നും ഇടയിലായിരിക്കണം. ഡിപ്ലോമ പ്രോഗ്രാമുകൾക്ക് 320 രൂപ, പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർഥികൾക്ക് 160 രൂപ എന്നിങ്ങനെയാണ് അപേക്ഷ ഫീസ് .

പ്ലസ് ടു /വൊക്കേഷണൽ ഹയർ സെക്കന്ററി അഥവാ തത്തുല്യ അംഗീകൃത യോഗ്യത ഉള്ളവർക്ക് മേൽ പറഞ്ഞ പ്രോഗ്രാമുകളിലേക്ക് അപേക്ഷിക്കാവുന്നതാണ് . ബിരുദ യോഗ്യത ഉള്ളവർക്കും ഡിപ്ലോമ പ്രോഗ്രാമുകളിലേക്ക് അപേക്ഷിക്കാവുന്നതാണ് .

താല്പര്യമുള്ള വിദ്യാർഥികൾ സർവകലാശാല വെബ്സൈറ്റ് ( www.ssus.ac.in)മുഖേന അപേക്ഷ സമർപ്പിക്കേണ്ടതാണ്. പ്രോസ്പെക്ടസ് www.ssus.ac.in ൽ ലഭ്യമാണ് .

**ഓൺലൈനായി അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി : 15.06 2026** പ്രോഗ്രാമിന്റെ ഉള്ളടക്കത്തിൽ മാറ്റം വരുത്തുന്നതിനുള്ള അധികാരം സർവ്വകലാശാലയ്ക്കുണ്ടായിരിയ്ക്കുന്നതാണ്.

*Digitally Signed By*
*Dr Mothi George*
*Date:01-06-2026 05:18:3*

രജിസ്ട്രാർ

Note: This document is computer generated
and does not require the signature or the University’s stamp.